LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.കെ. ചന്ദ്രൻ : ജനസേവന കേന്ദ്രത്തിന്റെ നടത്തിപ്പിന് ആവശ്യമായ ഉദ്യോഗസ്ഥൻമാരെ ഏത് രീതിയിലാണ് നിയമിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. ഇ.കെ. നായനാർ : സാധാരണ ഉദ്യോഗസ്ഥരെ പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയല്ലേ എടുക്കുന്നത്; അതിലെ സമ്പ്രദായത്തിന് വ്യത്യാസമുണ്ടോ?

4 (*453) **സ്ത്രീ തടവുകാരുടെ ക്ഷേമത്തിനുള്ള പദ്ധതികൾ**

ശ്രീ. എൻ. അനിരുദ്ധൻ :

പ്രൊഫ. മീനാക്ഷി തമ്പാൻ :

ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ തടവുകാരുടെ സംരക്ഷണത്തിനായി ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യർ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ്;

(ബി) ഈ ശുപാർശകളിൽ ഏതെല്ലാം ഇതുവരെ നടപ്പിലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഈ ശുപാർശകൾ പൂർണ്ണമായും നടപ്പാക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള ഏതെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നു വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ,

(എ) ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യർ അദ്ദേഹത്തിന്റെ റിപ്പോർട്ട് സമർപ്പിച്ചത് കേന്ദ്രസർക്കാരിനാണ്. വനിതാ തടവുകാരെ സംബന്ധിച്ച് ജയിൽ ഭരണ ക്രമവുമായി ബന്ധപ്പെട്ട് 44 ശുപാർശകൾ പ്രസ്തുത റിപ്പോർട്ടിലുണ്ടായിരുന്നു. വനിതകൾക്ക് മാത്രമായി ജയിലുകൾ സ്ഥാപിക്കുക, ശരിയായ വൈദ്യസഹായം നൽകുക, കൃത്യമായ അളവിലും ക്രമത്തിലും ഭക്ഷണം നൽകുക, ശരിയായ അളവിൽ വസ്ത്രങ്ങൾ നൽകുക, പ്രായമായവർക്കും അസുഖമുള്ളവർക്കും അധിക വസ്ത്രങ്ങൾ നൽകുക, സ്ത്രീകളുടെ വ്യക്തിപരമായ ശുചിത്വം പാലിക്കുന്നതിനായി ആവശ്യമുള്ള വസ്തുവകകൾ നൽകുക, സ്ത്രീകൾ ചെയ്യുന്ന ജോലിക്ക് തുല്യമായ വേതനം നൽകുക, അവരുടെ പുനരധിവാസവും സ്വഭാവരൂപീകരണവും ലക്ഷ്യമാക്കി തൊഴിൽ പരിശീലിപ്പിക്കുക, വിദ്യാഭ്യാസത്തിനും വിനോദത്തിനുമുള്ള സൗകര്യങ്ങൾ നൽകുക, മാനസികരോഗികളെ മാനസികാശുപത്രിയിലേയ്ക്ക് മാറ്റുക, ജയിലുകളിൽ സ്ത്രീ ജീവനക്കാരെ ആവശ്യത്തിനു നിയമിക്കുക എന്നിവയാണ് പ്രധാന ശുപാർശകൾ.

(ബി) നെയ്യാറ്റിൻകരയിൽ ഒരു വനിതാ ജയിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വിയ്യൂർ, തലശ്ശേരി, ദേവികുളം, ഒറ്റപ്പാലം, കൊയിലാണ്ടി, കോട്ടയം എന്നീ സബ്ജയിലുകളിൽ സ്ത്രീകൾക്കായി പ്രത്യേകം ബ്ലോക്കുകൾ നിർമ്മിക്കുകയുണ്ടായി. ഇതിനുപുറമെ വിയ്യൂർ സ്പെഷ്യൽ സബ്ജെയിൽ കെട്ടിടം പുതിയൊരു വനിതാ ജയിലാക്കുന്നതിനും കണ്ണൂർ സെൻട്രൽ ജയിലിലെ വനിതാ ബ്ലോക്ക് മുന്നാമത്തെ വനിതാജയിലായി പ്രവർത്തനമാരംഭിക്കുന്നതിനുമുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. വനിതാ തടവുകാർക്ക് ആവശ്യമായ വൈദ്യസഹായവും വനിതാ ഡോക്ടറുടെ സേവനവും ലഭ്യമാ

ക്കിവരുന്നു. പോഷക സംപുഷ്ടമായ ആഹാരത്തിനു പുറമേ ഡോക്ടർ നിർദ്ദേശിക്കുന്ന സ്പെഷ്യൽ ഡയറ്റും നൽകുന്നുണ്ട്. സാരിയും ബ്ലൗസും നൽകിയിട്ടുണ്ട്. സാനിട്ടറി സംവിധാനത്തിനും മറ്റ് ശുചീകരണ പ്രവർത്തനങ്ങൾക്കും വളരെയധികം മുൻതൂക്കം നൽകിവരുന്നു. സ്ത്രീ തടവുകാരുടെ പുനരധിവാസവും സ്വഭാവ രൂപീകരണവും ലക്ഷ്യമാക്കി തയ്യൽ, നെയ്ത്ത്, ഗാർഡനിംഗ് മുതലായ , തൊഴിലധിഷ്ഠിത മേഖലകളിൽ പരിശീലനവും നൽകിവരുന്നു. കലാ-കായിക അഭിരുചി വർദ്ധിപ്പിക്കുന്നതിനും മാനസിക ഉല്ലാസത്തിനുമായി ജയിൽ ദിനാഘോഷത്തോടനുബന്ധിച്ച് കലാകായികമേള സംഘടിപ്പിച്ചുവരുന്നു. വിനോദത്തിനായി ദൃശ്യശ്രവ്യമാദ്ധ്യമങ്ങളും പഠിക്കാൻ താൽപര്യമുള്ളവർക്ക് പഠനസൗകര്യാർത്ഥം റഫറൻസ് ബുക്കുകളും നൽകുന്നതിനുള്ള സൗകര്യങ്ങൾ നൽകുന്നുണ്ട്. പുരുഷതടവുകാർക്ക് നൽകുന്നതു പോലെതന്നെ തുല്യമായ വേതനം സ്ത്രീ തടവുകാർക്കും നൽകുന്നു. മിച്ചത്തുക വീട്ടിൽ അയച്ചുകൊടുക്കുവാൻ അനുവാദമുണ്ട്. മാനസിക രോഗികളായ തടവുകാരെ മാനസികാശുപത്രിയിലേയ്ക്ക് അപ്പോഴപ്പോൾ മാറ്റാറുണ്ട്. വനിതാ ജീവനക്കാരെ ആവശ്യാനുസരണം നിയമിക്കുകയും അവർക്ക് കാലാകാലങ്ങളിൽ വേണ്ട പരിശീലനവും നൽകുകയും ചെയ്തുവരുന്നു. വനിതാ തടവുകാർക്ക് അവരുടെ കുട്ടികളെ അഞ്ചുവയസ്സുവരെ തങ്ങളുടെ കൂടെ പാർപ്പിക്കാവുന്നതാണ്.

(സി) റിപ്പോർട്ടിലെ ഭൂരിഭാഗം ശുപാർശകളും ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്. ശേഷിക്കുന്നവ ഘട്ടംഘട്ടമായി നടപ്പിലാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

<u>ശ്രീ. എൻ. അനിരുദ്ധൻ</u> : വനിതാ തടവുകാരുടെ ക്ഷേമം സംബന്ധിച്ച് രൂപീകരിച്ച നാഷണൽ എക്സ്പേർട്ട് കമ്മിറ്റിയുടെ ശുപാർശ എന്നാണ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചതെന്ന് പറയുമോ? ആ ശുപാർശയിൻമേൽ കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ തയ്യാറായതായി അറിവുണ്ടോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : 1987 മേയ് 18-ാം തീയതിയാണ് ആ റിപ്പോർട്ട് കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. കേന്ദ്രം അതിനെ സംബന്ധിച്ച് നടപടി എടുത്തിട്ടുണ്ടോ എന്നുള്ളത് അറിയില്ല.

<u>ശ്രീ. എൻ. അനിരുദ്ധൻ</u> : സംസ്ഥാനത്ത് ഇപ്പോൾ എത്ര സ്ത്രീ തടവുകാരുണ്ടെന്ന് പറയുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : ഏകദേശം 207 സ്ത്രീ തടവുകാർ ഉണ്ട്.

<u>പ്രൊഫ. മീനാക്ഷി തമ്പാൻ</u> : സംസ്ഥാനത്തെ ജയിലുകളിൽ എത്ര സ്ത്രീ വിചാരണ തടവുകാരുണ്ടെന്ന് വ്യക്തമാക്കുമോ; അണ്ടർട്രയൽ പ്രിസണേഴ്സിനെ പരമാവധി എത്രകാലം ജയിലിൽ പാർപ്പിക്കണമെന്നാണ് വ്യവസ്ഥ എന്നും വ്യക്തമാക്കുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : സ്ത്രീ തടവുകാർ 18 വയസ്സുമുതൽ 30 വയസ്സുവരെ 72 പേർ, 30 വയസ്സു മുതൽ 50 വയസ്സുവരെ-113 പേർ, 50-ഉം അതിനുമുകളിലും പ്രായമുള്ളവർ 22 പേർ, എസ്.എസ്.എൽ.സിയും അതിനു മുകളിലും വിദ്യാഭ്യാസയോഗ്യതയുള്ളവർ 27 പേർ, എസ്.എസ്.എൽ.സി.ക്ക് താഴെ വിദ്യാഭ്യാസമുള്ളവർ 150 പേർ നിരക്ഷരർ- 30 പേർ, ശിക്ഷയുടെ സ്വഭാവം-പ്രതികൾ ആകെ-69 പേർ, ജീവപര്യന്തം-17 പേർ, അബ്കാരി

LIBRARY ARCHIVES Kerala Legislative Assembly

ആക്ട് അനുസരിച്ച് - 11 പേർ, മോഷണം - 12 പേർ, എൻ.ഡി.പി.എസ്.-4 പേർ, മറ്റു വകുപ്പുപ്രകാരം - 25 പേർ.

പ്രൊഫ. മീനാക്ഷി തമ്പാൻ : വിചാരണ കാത്തിരിക്കുന്ന സ്ത്രീ തടവുകാരുടെ പ്രശ്നമാണ് ഇവിടെ ഉന്നയിച്ചത്. ജയിലുകളിൽ കാലാവധി കഴിഞ്ഞിട്ടും വിട്ടയയ്ക്കാത്ത നിരവധി അണ്ടർട്രയൽ പ്രിസണേഴ്സ് ഉണ്ട്. അത് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ; കാലാവധി കഴിഞ്ഞ് ജയിലുകളിലുള്ള സ്ത്രീകളായ അണ്ടർട്രയൽ പ്രിസണേഴ്സിനെ വിടാനുള്ള നിർദ്ദേശം കൊടുക്കുമോ?

ശ്രീ. ഇ.കെ. നായനാർ : പരിശോധിക്കാവുന്നതാണ്.

ശ്രീ. പി. നാരായണൻ : ജയിലുകളിൽ എക്സിക്യൂട്ടീവ് കേഡറിലുള്ള വനിതാ ജീവനക്കാരുടെ വിശദാംശം ലഭ്യമാക്കുമോ?

ശ്രീ. ഇ.കെ. നായനാർ : ലഭ്യമാക്കാം. സൂപ്രണ്ട് - 1, ഡെപ്യൂട്ടി സൂപ്രണ്ട് - 1, വെൽഫെയർ ഓഫീസർ - 1, മേട്രൺ (ഗ്രേഡ്-1) - 6, മേട്രൺ (ഗ്രേഡ്-2)- 4, ഫീമെയിൽ വാർഡൻ - 73, ആകെ 86.

ശ്രീ. പി. നാരായണൻ : തടവുകാരെ പരിചരിക്കുന്ന വനിതാ ജയിൽ ഉദ്യോഗസ്ഥർക്ക് എന്തെങ്കിലും ട്രെയിനിംഗ് നൽകാറുണ്ടോ?

ശ്രീ. ഇ.കെ. നായനാർ : ഉണ്ട്. വനിതാ ജീവനക്കാർക്കുവേണ്ടി State Institute of Correctional Administration – ൽ പരിശീലനവും കാലാകാലങ്ങളിൽ റിഫ്രെഷ്മെന്റ് കോഴ്സും നൽകുന്നുണ്ട്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : കോടതി വളപ്പിൽവച്ച് മാനഭംഗത്തിന് വിധേയയായ ഊമയും ബധിരയുമായ വിചാരണ തടവുകാരിയെ 12 കൊല്ലക്കാലത്തോളം നിയമത്തിനു വിരുദ്ധമായി തടങ്കലിൽ പാർപ്പിച്ച വിവരം സംബന്ധിച്ച് റിപ്പോർട്ട് കിട്ടിയ സ്ഥിതിക്ക് അവരെ ഉടൻ മാനസികാരോഗാശുപത്രിയിൽ പ്രവേശിപ്പിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാൻ സാധിക്കുമോ?

ശ്രീ. ഇ.കെ.നായനാർ : അന്വേഷിച്ച് മറുപടി പറയുന്നതാണ്.

ശ്രീ. ടി.കെ. ബാലൻ : സ്ത്രീ തടവുകാർക്ക് അവരുടെ കുടുംബകാര്യങ്ങൾ കൂടുതലായി ശ്രദ്ധിക്കാനായി നിലവിലുള്ള പരോൾ വ്യവസ്ഥയിൽ എന്തെങ്കിലും കൂടുതൽ ആനുകൂല്യം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഇ.കെ. നായനാർ : സ്ത്രീ തടവുകാർക്ക് മാത്രമായിട്ട് ഒരു ആനുകൂല്യം ഇതുവരെ നൽകിയിട്ടില്ല. ആനുകൂല്യം ചോദിച്ചവർക്ക് അത് നിഷേധിച്ചിട്ടുമില്ല.

**5 (*454) കന്നുകുട്ടി പരിപാലന പദ്ധതി**

ശ്രീ. കെ.പി. രാജേന്ദ്രൻ :

ശ്രീ. പി.എസ്. സുപാൽ :

ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കന്നുകുട്ടി പരിപാലന പദ്ധതി ആരംഭിച്ചത് എന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly